"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

തൈക്കാട് തിരുവനന്തപുരം-14,

## ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം
(നിലവിൽ: സുനിൽ ജേക്കബ്)

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - ശ്രീ. ഡി.കെ.ജ്യോതിലാൽ, വർക്ക്ഷോപ്പ് അറ്റൻഡർക്കെതിരെയുള്ള നടപടി - സ്ഥലംമാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്:

പരാമർശം:-1.സർക്കാർ കത്ത് നം.25238/സി4/2013/തൊഴിൽ തീയതി, 27.11.2013

2.അഡീഷണൽ ഡയറക്ടറുടെ അനൗദ്യോഗിക കുറിപ്പ് നം. വി.സി/36626/13(1) തീയതി, 11.12.2013.

---------------

**ഉത്തരവ് നമ്പർ എ6/37621/2013 തീയതി, 23.12.2013**

JD(C) Pl publish this order in our website [signature] 30/12/13

വകുപ്പിൻ കീഴിൽ കോഴിക്കോട് ഐ.ടി.ഐ യിൽ വർക്ക്ഷോപ്പ് അറ്റൻഡർ ആയി ജോലി ചെയ്ത് വരുന്ന ശ്രീ.ഡി.കെ.ജ്യോതിലാൽ, ഡ്യൂട്ടി സമയത്ത് വകുപ്പിനെ കബളിപ്പിച്ച്കൊണ്ട് സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു എന്ന പരാതിയിന്മേൽ സർക്കാർ നടത്തിയ അന്വേഷണത്തെ തുടർന്ന് ടിയാനെ മറ്റൊരു ജില്ലയിലേയ്ക്ക് സ്ഥലംമാറ്റണമെന്ന് സൂചന (1) ആയി പരാമർശിച്ച കത്ത് പ്രകാരം സർക്കാർ അറിയിച്ചിരുന്നു. ടിയാനെ എത്രയും വേഗം മറ്റൊരു ജില്ലയിലേയ്ക്ക് സ്ഥലംമാറ്റി സർക്കാർ നിർദ്ദേശം നടപ്പിൽ വരുത്താൻ മേൽസൂചന(2) ആയ അനൗദ്യോഗിക കുറിപ്പ് പ്രകാരം അഡീഷണൽ ഡയറക്ടർ നിർദ്ദേശിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ കോഴിക്കോട് ഐ.ടി.ഐ യിൽ വർക്ക്ഷോപ്പ് അറ്റൻഡർ ആയി സേവനം ചെയ്ത് വരുന്ന ശ്രീ.ഡി.കെ.ജ്യോതിലാലിനെ മാള ഐ.ടി.ഐ യിലേയ്ക്ക് സ്ഥലംമാറ്റി ഉത്തരവാകുന്നു.

കോഴിക്കോട് ഐ.ടി.ഐ പ്രിൻസിപ്പാൾ ടിയാനെ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതും വിവരം താമസംവിനാ ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്. മാള ഐ.ടി.ഐ പ്രിൻസിപ്പാൾ ശ്രീ.ഡി.കെ.ജോതിലാൽ സേവനത്തിൽ പ്രവേശിച്ച വിവരം അറിയിക്കേണ്ടതാണ്.

ശ്രീ.ജ്യോതിലാലിന് പ്രവേശനകാലത്തിനോ, സ്ഥലംമാറ്റയാത്രാപ്പടിക്കോ അർഹതയുണ്ടായിരിക്കുന്നതല്ല.

ഒപ്പ്/-
ജോയിന്റ് ഡയറക്ടർ

സ്വീകർത്താവ്
ശ്രീ.ഡി.കെ.ജ്യോതിലാൽ,
വർക്ക്ഷോപ്പ് അറ്റൻഡർ
ഐ.ടി.ഐ കോഴിക്കോട്
(പ്രിൻസിപ്പാൾ മുഖാന്തിരം)

പകർപ്പ്:-
1. പ്രിൻസിപ്പാൾ, ഐ.ടി.ഐ കോഴിക്കോട്
2. പ്രിൻസിപ്പാൾ, ഐ.ടി.ഐ മാള
3. വകുപ്പ് വെബ്സൈറ്റ്
4. വി.സി സെക്ഷൻ
5. എ6 സെക്ഷൻ (സംഭരണഫയൽ)

// ഉത്തരവിൻപ്രകാരം//
[signature]
സീനിയർ സൂപ്രണ്ട്